സംസ്ഥാനത്തെ നിക്ഷിപ്ത വനഭൂമി

691 [694] ശ്രീ. സിറിയക് ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ നിക്ഷിപ്ത വനഭൂമിയെത്രയുണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കൃത്യമായി തിട്ടപ്പെടുത്തി കഴിഞ്ഞിട്ടില്ല. എന്നാൽ ഉദ്ദേശം 1914 ചതുരശ്ര കി. മീറ്റർ ഉണ്ടായിരിക്കും എന്നാണ് കണക്കാക്കിയിരിക്കുന്നത്.

(ബി) ജില്ല തിരിച്ചുള്ള കണക്ക് ശേഖരിച്ചുവരുന്നു.

വനഭൂമി

692 [695] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴും സംസ്ഥാനത്ത് എത്ര വനഭൂമിയുണ്ടായിരുന്നു;

(ബി) 31–5–1986–ൽ എത്ര വനഭൂമിയുണ്ട്?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴും സംസ്ഥാനത്ത് റിക്കാർഡ് അനുസരിച്ച് 11,22,114 ഹെക്ടർ വനഭൂമിയാണ് ഉണ്ടായിരുന്നതെങ്കിലും വനേതരാവശ്യങ്ങൾക്ക് നേരത്തേതന്നെ വിട്ടു കൊടുത്ത വനഭൂമി കണക്കിലെടുത്താൽ ഫലത്തിൽ 9,40,000 ഹെക്ടർ വനഭൂമിയാണ് ഉണ്ടായിരുന്നത്.

(ബി) സമീപകാലത്ത് വിവിധാവശ്യങ്ങൾക്ക് വിട്ടു കൊടുത്ത 1140.02 ഹെക്ടർ വനഭൂമി കഴിച്ചാൽ ഇപ്പോഴും 9,38,860 ഹെക്ടർ വനഭൂമിയുണ്ട്.

കുമ്മണ്ണൂർ മേഖലയിലെ വനംകൊള്ള

693 [698] ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി ഫോറസ്റ്റ് ഡിവിഷനിലെ കുമ്മണ്ണൂർ മേഖലയിൽ നടന്നിട്ടുള്ള വനം കൊള്ളയെ സംബന്ധിച്ച് അന്വേഷിക്കാൻ ഒരു വിജിലൻസ് സ്കാഡിനെ നിയോഗിച്ചിരുന്നോ;

(ബി) എങ്കിൽ അതിന്റെ അന്വേഷണം ആരംഭിക്കുകയുണ്ടായോ;

(സി) പ്രസ്തുത അന്വേഷണം നിർത്തിവെയ്ക്കുകയുണ്ടായോ; എങ്കിൽ കാരണമെന്താണ്;

(ഡി) ഈ വനം കൊള്ളയെ സംബന്ധിച്ച് അന്വേഷണം പുനരാരംഭിച്ച് വളരെ വേഗത്തിൽ അന്വേഷണം പൂർത്തിയാക്കി ഇതിന് ഉത്തരവാദികളായവരുടെ മേൽ കർശന നടപടികളും സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിയോഗിച്ചിരുന്നു.

(ബി) അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്.

(സി) നിരുത്തിവെച്ചിട്ടില്ല.

(ഡി) അന്വേഷണം പുനരാരംഭിക്കേണ്ട ആവശ്യമില്ല. ഉത്തരവാദികളായ ചില ഉദ്യോഗസ്ഥൻമാരെ സസ്പെൻഡ് ചെയ്യുകയും മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ ഉത്തരവാദിത്തത്തെപ്പറ്റി പരിശോധിക്കുകയും ചെയ്യുന്നുണ്ട്.

വനവൽക്കരണ പരിപാടിയുടെ പേരിൽ നടത്തുന്ന ക്രമക്കേടുകൾ

694 [700] ശ്രീ. എം. വി. രാഘവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനവൽക്കരണത്തിന്റെ പേരിൽ വൻ തുകകളുടെ ക്രമക്കേടുകൾ ഉദ്യോഗസ്ഥൻമാർ നടത്തിയതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന് ഉത്തരവാദികളായവരുടെ പേരിൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ചില ക്രമക്കേടുകൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അതിനു ഉത്തരവാദികളായ ഉദ്യോഗസ്ഥൻമാരുടെ പേരിൽ അച്ചടക്ക നടപടി എടുത്തുവരുന്നു.

വൗച്ചറുകളിൽ ക്രമക്കേടു നടത്തുന്ന ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി

695 [701] ശ്രീ. എം. വി. രാഘവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനത്തിനുള്ളിലെ പണിയുടെ പേരിൽ വനം വകുപ്പ് ഉദ്യോഗസ്ഥൻമാർ വൗച്ചറുകളിൽ ക്രമക്കേടുകൾ നടത്തുന്നുവെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ഉദ്യോഗസ്ഥൻമാർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചു;

(സി) ഇതവസാനിപ്പിക്കാൻ ഗവൺമെന്റ് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചില ഉദ്യോഗസ്ഥൻമാരെ സ്ഥലം മാറ്റി അന്വേഷണം നടത്തിവരികയാണ്.

(സി) സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly